(ബി) ഉണ്ടെങ്കിൽ അതിന്റെ ഫലമായി മരണം നടന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര മരണങ്ങൾ നടന്നു ;

(സി) പോലീസ് മർദ്ദനംമൂലം മരണപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗക്കാർ എത്ര ?

ഉത്തരം

(എ) ഇല്ല

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

1985 ഒക്ടോബർ 1-നു ശേഷം ഉണ്ടായ ലാത്തിച്ചാർജ്ജുകളും വെടിവയ്പുകളും

383. [492] [ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ഒക്ടോബർ 1-നു ശേഷം ഇതുവരെ ഈ സംസ്ഥാനത്ത് എത്ര ലാത്തിച്ചാർജ്ജുകളും വെടിവയ്പുകളും ഉണ്ടായിട്ടുണ്ട് ;

(ബി) ഇതിൽ മരിച്ചവരെത്ര ; പരിക്കേറ്റവർ എത്ര ;

(സി) പോലീസ് കസ്റ്റഡിയിൽവച്ച് മരിച്ചവരെത്ര ;

(ഡി) ഇതിൽ എത്ര സംഭവങ്ങളെക്കുറിച്ച് അന്വേഷണ ഉത്തരവിട്ടിട്ടുണ്ട് ;

(ഇ) ഇതിൽ ഡിപ്പാർട്ടുമെന്റൽ എൻക്വയറി എത്ര ; ജുഡീഷ്യൽ എൻക്വയറി എത്ര ;

(എഫ്) ഇതിൽ ഏതെല്ലാം അന്വേഷണങ്ങളുടെ റിപ്പോർട്ട് ലഭിച്ചു ;

(ജി) ഏതെങ്കിലും സംഭവത്തിൽ ഉദ്യോഗസ്ഥൻമാർ കുറ്റക്കാരാണെന്ന് കണ്ടിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ ആരുടെയെങ്കിലും പേരിൽ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് എടുത്തത് ?

ഉത്തരം

(എ) ലാത്തിച്ചാർജ്ജുകൾ 11
വെടിവയ്പുകൾ 14

(ബി) മരിച്ചവർ 3
പരിക്കേറ്റവർ 190

(സി) 3

(ഡി) പോലീസ് വെടിവയ്പ്, ലാത്തിച്ചാർജ്ജ്, ലോക്കപ്പ് മരണം എന്നീ സംഭവങ്ങളെക്കുറിച്ച് 6 അന്വേഷണങ്ങൾ ഉത്തരവായിട്ടുണ്ട്.

(ഇ) ഡിപ്പാർട്ടുമെന്റിൽ എൻക്വയറി 2
ജുഡീഷ്യൽ എൻക്വയറി 4

(എഫ്) 22-2-1986-ൽ കോഴിക്കോട് ജില്ലയിലെ കണ്ണാടിപൊയിൽ എന്ന സ്ഥലത്ത് നടന്ന പോലീസ് വെടിവയ്പിനെക്കുറിച്ച് ഗവൺമെന്റ് നിർദ്ദേശാനുസരണം കോഴിക്കോട് ആർ. ഡി. ഒ. നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് മാത്രം ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ജി, എച്ച്) കണ്ണാടിപൊയിൽ വെടിവയ്പിൽ പ്രൊബേഷണറി എസ്. ഐ. യും, എ. എസ്. ഐ. യും ചില നടപടിക്രമങ്ങൾ പാലിക്കാത്തിനാൽ അവരുടെ പേരിൽ ഡിപ്പാർട്ടുമെന്റൽ നടപടികൾ കൈക്കൊള്ളുവാൻ ഗവൺമെന്റ് ഡി. ജി. പി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വെടിവയ്പ് ലാത്തിച്ചാർജ്ജ് എന്നിവയെപ്പറ്റിയുള്ള ഗവൺമെന്റ് അന്വേഷണം

384. [493] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-9-1986 വരെ സംസ്ഥാനത്ത് നടന്ന വെടിവയ്പുകൾ, ലാത്തിച്ചാർജ്ജുകൾ, റിമൂവൽ തുടങ്ങിയവയെപ്പറ്റി ഗവൺമെന്റ് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ ഫലമായി എത്ര പോലീസുദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ലാത്തിച്ചാർജ്ജു മൂലമുണ്ടായ മരണം

385. [494] ശ്രീ. സി. കെ. തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ജൂണിനുശേഷം കശുവണ്ടി തൊഴിലാളി സമരവുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് എതിരായി ലാത്തിച്ചാർജ്ജ് നടന്നിട്ടുണ്ടോ ;

(ബി) ലാത്തിച്ചാർജ്ജിന്റെ ഫലമായി ശാസ്താംകോട്ടയിൽ പരമേശ്വരൻ എന്നൊരാൾ മൃതിയടഞ്ഞതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പരമേശ്വരന്റെ മരണത്തിനുത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ കേസെടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കേസെടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലാത്തിച്ചാർജ്ജു നടത്തിയിട്ടില്ല.

(ബി, സി, ഡി) കശുവണ്ടി സമരത്തോടനുബന്ധിച്ച് ശാസ്താംകോട്ടയിൽ കശുവണ്ടി തൊഴിലാളികളെ കശുവണ്ടി കയറ്റിയ ലോറികൾ പിക്കറ്റു ചെയ്യുകയും തടയുകയും ചെയ്ത സംഭവമുണ്ടായി. തൊഴിലാളികളിൽ ശാസ്താംകോട്ടക്കാരൻ പരമേശ്വരൻ എന്നൊരാളും ഉണ്ടായിരുന്നു. പിക്കറ്റു ചെയ്ത തൊഴിലാളികളെ കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടറും പാർട്ടിയും ചേർന്നു നീക്കം ചെയ്യുകയും അവരെ കോടതിയിൽ ഹാജരാക്കുന്നതിലേക്കുവേണ്ടി ചവറ പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുകയും ചെയ്തു. ഇതു സംബന്ധിച്ചു ക്രൈ. 197/86 യു. എസ്. 147, 148, 149, 336, 427, ആർ 353 പ്രകാരം ചവറ സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 13-9-1986 രാവിലെ ടി പരമേശ്വരനു നെഞ്ചു വേദന അനുഭവപ്പെടുകയും അദ്ദേഹത്തെ ചവറ പ്രൈമറി ഹെൽത്ത് സെന്ററിലും തുടർന്നു കൊല്ലം ജില്ലാ ആശുപത്രിയിലേക്കും കൊണ്ടുപോകുന്ന വഴിയിൽ പോലീസ് കസ്റ്റഡിയിൽ വച്ച് അദ്ദേഹം മരണമടഞ്ഞു. ഈ

LIBRARY ARCHIVES Kerala Legislative Assembly